എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ റേഷൻ സാധനങ്ങൾ നൽകുന്നതിന് പദ്ധതി

185(3068) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. എ. വാഹീദ്:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ റേഷൻ സാധനങ്ങൾ നൽകുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

(എ) എ.പി.എൽ. വിഭാഗക്കാരിൽ പിന്നാക്കം നില്ക്കുന്നവർക്ക് കുറഞ്ഞ നിരക്കിൽ അരി വിതരണം ചെയ്യുന്നതിനായി അവരെ എ.പി.എൽ. (എസ്.എസ്.) വിഭാഗത്തിൽ ഉൾപ്പെടുത്തി 2 രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നു.

(ബി) 2 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയതിലൂടെ കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം, സംസ്ഥാനത്തിന് അനുവദിച്ച ബി.പി.എൽ. വിഭാഗത്തിൽ നിന്നും പുറത്തായിട്ടുള്ള താഴ്ന്ന വരുമാനക്കാർക്ക് കുറഞ്ഞ നിരക്കിൽ റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(സി) 2 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്. ഈ പദ്ധതി 2009 മേയ് 22-ാം തീയതിയിലാണ് ആരംഭിച്ചത്. നിലവിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് 41,53,067 കുടുംബങ്ങൾക്കാണ്. പട്ടികജാതി, പട്ടികവർഗ്ഗം, മത്സ്യത്തൊഴിലാളികൾ, ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർ എന്നിവർക്കാണ് ഈ പദ്ധതിയിൽ തുടക്കത്തിൽ പ്രയോജനം ലഭിച്ചത്. എന്നാൽ ഇപ്പോൾ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട കർഷക തൊഴിലാളികൾ, കുശവണ്ടി, കൈത്തറി, ബീഡി, പനമ്പ്, ഈറ്റ, ഖാദി, ചെറുകിട

LIBRARY ARCHIVES Kerala Legislative Assembly

തോട്ടം തുടങ്ങിയ മേഖലകളിലെ മുഴുവൻ കൂലിവേലക്കാർക്കും ദേശീയ തൊഴിൽ ഉറപ്പ് പദ്ധതിയിൽ 50 ദിവസമെങ്കിലും പണിയെടുത്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും കൂടി 2 രൂപ പദ്ധതി വ്യാപിപ്പിച്ചു. ഈ പദ്ധതി എ.പി.എൽ. വിഭാഗത്തിൽപ്പെട്ട കൂടുതൽ വിഭാഗങ്ങളിലേക്ക് വ്യാപിപ്പിച്ചതിനെ തുടർന്ന് അനുബന്ധമായി ചേർത്തിരിക്കുന്ന വിഭാഗങ്ങൾക്ക് രണ്ടു രൂപ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കി വരുന്നു.

വിപണി ഇടപെടലിനായി കൺസ്യൂമർ ഫെഡിന് നൽകിയ തുക

186(3069) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വരെ ഓരോ സാമ്പത്തിക വർഷവും വിപണി ഇടപെടലിനായി കൺസ്യൂമർ ഫെഡിന് നൽകിയ തുക എത്രയെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ പ്രത്യേകമായി വ്യക്തമാക്കാമോ;

(ബി) 2006-07 മുതൽ 2010-11 വരെ ഓരോ സാമ്പത്തിക വർഷവും വിപണി ഇടപെടലിനായി കൺസ്യൂമർ ഫെഡിന് നൽകിയ തുക എത്രയെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ പ്രത്യേകമായി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)	2011-12	-	30 കോടി
	2012-13	-	69.50 കോടി
	2013-14	-	80 കോടി
	2014-15	-	50 കോടി
	2015-16	-	25 കോടി
	ആകെ		254.50 കോടി
(ബി)	2006-07	-	1.71 കോടി
	2007-08	-	15 കോടി
	2008-09	-	11 കോടി
	2009-10	-	20 കോടി
	2010-11	-	70 കോടി
	ആകെ		117.71 കോടി

LIBRARY ARCHIVES Kerala Legislative Assembly